# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 164 08/06/2015-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ മക്കളുടെ ലംപ്സം ഗ്രാന്റ് കുടിശ്ശിക**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. കെ. ഗുരുദാസൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠനത്തിനായി നൽകി വരുന്ന ലംപ്സം ഗ്രാന്റ് കുടിശ്ശിക എത്രയെന്നറിയിക്കാമോ; | (എ) 2014 15 സാമ്പത്തിക വർഷത്തിലെ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനും മുൻവർഷങ്ങളിലെ കുടിശ്ശിക നൽകുന്ന തിനുമായി 24 കോടി രൂപ 2014-15 സാമ്പത്തിക വർഷത്തിൽ ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചു നൽകുകയും ആയത് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2014-15 വർഷത്തിൽ ഇനിയും വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നതിന് 5,57,33,068/-രൂപ കുടിശ്ശിക ഉള്ളതായി ജില്ലാ ഓഫീസർമാർ റിപ്പോർട്ടു ചെയ്തിട്ടുണ്ട് |
| (ബി) പ്രസ്തുത കുടിശ്ശിക കൊടുത്തു തീർക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) 2015-16 വർഷത്തിൽ വിദ്യാഭ്യാസ ആനുകൂല്യംവിതരണം ചെയ്യുന്നതിനായി 213714555/-രൂപ ആവശ്യമുണ്ട്. 2015-16 വർഷത്തിൽ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനായി 10 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ നിന്ന് ആദ്യ ഗഡുവായി 3.30 കോടി രൂപ ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചു നൽകുകയും ആയത് വിതരണം ചെയ്തു വരുകയും ചെയ്യുന്നു. 2015-16 വർഷത്തിലേക്ക് കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് 16.94 കോടി രൂപ കൂടി ആവശ്യമുണ്ട്. |
| (സി) പഠനച്ചെലവ് വർദ്ധിക്കുന്ന സാഹചര്യത്തിൽ ലംപ്സം ഗ്രാന്റ് തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും മൂന്ന് വർഷം കൂടുമ്പോൾ വിദ്യാഭ്യാസാനുകൂല്യം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. ടി ഉത്തരവ് ഫിഷറീസ് വകുപ്പിനും ബാധകമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ പിൻതുടർന്ന് വരുന്ന ചട്ടങ്ങളും നിയമങ്ങളും പ്രകാരമാണ് ഫിഷറീസ് വകുപ്പിൽ നിന്നും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നല്കി വരുന്നത്. |

**സെക്ഷൻ ആഫീസർ**